പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 2805

02.04.2013-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## കൈവശത്തിലുള്ള പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഏക്കർ ഭൂമി ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശം വച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (എ) വിവിധ ജില്ലകളിലായി ഏകദേശം 60000 ഏക്കറോളം ഭൂമി ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന കമ്പനി കൈവശം വച്ച് വരുന്നു. |
| (ബി)പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഭൂമി കൈവശം വച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ സർക്കാരും, ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡുമായി നിലവിലുണ്ട്; | (ബി) സർക്കാർ HML കമ്പനിക്കെതിരെ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത O.P.(C) No.3508/11 കൂടാതെ W.P.(C) No.32203/08, W.P.(C) No.32655/08, W.P.(C).No.25481/08, W.P.(C) No.17767/07, W.P.(C) No.33504/08, W.P.(C) No.35389/07, W.P.(C) No.17838/07, W.P.(C) No.25768/09 തുടങ്ങിയ കേസുകളും നിലവിലുണ്ട്. |
| (സി)ഏതെല്ലാം എസ്റ്റേറ്റുകളാണ് പ്രസ്തുത കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളത്; | (സി) HML കമ്പനിയുടെ കൈവശത്തിലുള്ള എല്ലാ എസ്റ്റേറ്റുകളും കേസിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി)ഭൂമി ഒഴിയണം എന്നാവശ്യപ്പെട്ടുകൊണ്ട് തോട്ടം ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; | (ഡി) & (ഇ) WP(C) 14251/12, WP(C) 213/13 എന്നീ കേസുകളിൽ, 28.02.2013- ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻ |

(ഇ)എത്ര ഏക്കർ ഒഴിയണമെന്നും, ഏതെല്ലാം എസ്റ്റേറ്റുകളാണ് ഒഴിയേണ്ടതെന്നും വ്യക്തമാക്കുമോ;

പ്രകാരം HML കമ്പനിയുടെ കൈവശത്തി ലുള്ള മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്)ഭൂമി വിട്ടുകിട്ടണമെന്ന ആവശ്യത്തെ തുടർന്ന് തോട്ടങ്ങളിൽ നിന്ന് വ്യാപകമായി റബ്ബർ മരങ്ങൾ മുറിച്ചു നീക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ട്.

(ജി)എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആർക്കെങ്കിലുമെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

(ജി) WP(C) 14251/12, WP(C) 213/13 എന്നീ കേസുകളിൽ, 28.02.2013- ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം HML കമ്പനിയുടെ കൈവശത്തി ലുള്ള മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

C.K.V. Kumar

സെക്ഷൻ ഓഫീസർ